# ഭൈഷജ്യരത്നാവലി-പ്രത്യേകരോഗങ്ങളും ചികിത്സയും

**ഡോ. മനോജ്കുമാർ**

ഭൈഷജ്യരത്നാവലിയിൽ പ്രത്യേകമായി നാല്പത്തിരണ്ടോളം രോഗങ്ങളെ പരിചയപ്പെടുത്തുന്നുണ്ട്.

സംഹിതകളിലെല്ലാം തന്നെ മസ്തിഷ്കത്തെക്കുറിച്ച് പറയുന്നുണ്ട്. പക്ഷേ മസ്തിഷ്കസംബന്ധമായ രോഗങ്ങളെ വ്യത്യസ്തമായ ഒരു പ്രകരണമായി ആദ്യം പറയുന്ന ഗ്രന്ഥം ഭൈഷജ്യരത്നാവലിയാണ്. മസ്തിഷ്കചയാപചയ പ്രതിഷേധം എന്ന അദ്ധ്യായത്തിൽ മസ്തിഷ്കചയം, മസ്തിഷ്കത്തിനു വരുന്ന അപചയം എന്നീ രണ്ടു രോഗങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

**<u>മസ്തിഷ്കോപചയം</u>**

പ്രസവശേഷം ശിശു വളർന്നുവരുന്നതിനനുസരിച്ച് മസ്തിഷ്കവും വളർന്നുവരുന്നു. അതിനിടംകൊടുക്കാനായി തലയോട്ടിയും വലുതാവുന്നു. എന്തെങ്കിലും കാരണവശാൽ തലച്ചോറ് വലുതാവുകയും തലയോട്ടി വലുതാകാതിരിയ്ക്കുകയും ചെയ്താൽ ഉണ്ടാവുന്ന പ്രശ്നങ്ങളാണ് മസ്തിഷ്കചയം എന്നുപറയുന്നത്. ശിരശൂല, ഭ്രമം, മൂർച്ഛ, പക്ഷാഘാതം, ബലഹാനി, ആക്ഷേപകം എന്നിവ മസ്തിഷ്കചയ ലക്ഷണങ്ങളാണ്. ഒറ്റനോട്ടത്തിൽ intra cranial pressure കൂടിയതായിട്ട് കാണാൻ കഴിയും. പക്ഷേ ഛർദ്ദി ഒരു ലക്ഷണമായി ഭൈഷജ്യരത്നാവലിയിൽ പറയുന്നില്ല. intra cranial pressure കൂടിയതിന്റെപ്രധാന ലക്ഷണം ഛർദ്ദിയാണല്ലോ. പിന്നെ space occupying leisions -നെയോ ventricular dilations -നെയോ, CSF ന്റെ ചംക്രമണത്തിലെ തടസ്സങ്ങൾ ഇങ്ങനെയുള്ള കുറെ കാര്യങ്ങൾ ഇതുമായി ബന്ധപ്പെടുത്തി ആലോചിയ്ക്കാവുന്നതാണ്.

വിശദമായ ചികിത്സ പറയുന്നില്ല. ഇത് മരണത്തെ ഉണ്ടാക്കും. ചികിത്സിയ്ക്കാൻ പ്രയാസമാണ്, എങ്കിലും രസായനചികിത്സകൾ ഉപയോഗിയ്ക്കണം. പഞ്ചഗവ്യഘൃതം തേൻ ചേർത്ത് കൊടുക്കണം എന്നുമാത്രമേ പറയുന്നുള്ളൂ.

**<u>മസ്തിഷ്കാപചയം</u>**

മസ്തിഷ്ക അപചയത്തിൽ സംഭവിയ്ക്കുന്നത് മസ്തിഷ്കം ചെറുതാവുക എന്നതാണ്. തലയോട്ടി വലുതാവണമെന്നില്ല, മസ്തിഷ്കം കുറയുക, ചുരുങ്ങുക എന്നിവയുമാകാം. ഇതിന്റെ മറ്റൊരു പേരാണ് 'മസ്തിഷ്കഹ്രാസനം'. മസ്തിഷ്കം മുഴുവനായും ചുരുങ്ങുകയാണെങ്കിൽ മരണം സംഭവിയ്ക്കും. പ്രാദേശികമായാണെങ്കിൽ ഘോരമായ വ്യാധികൾ ഉണ്ടാവാം. Degenerative cerebral atrophy -യെ മസ്തിഷ്കാപചയവുമായി താരതമ്യം ചെയ്യാം. ഇത് ശിശുക്കൾക്കും യുവാക്കൾക്കും ഉണ്ടാകുന്നതാണെന്നാണ് പറഞ്ഞിരിയ്ക്കുന്നത്. എങ്കിൽപ്പോലും തലച്ചോറിന്റെ ക്ഷയം സംഭവിക്കുന്ന എല്ലാ രോഗങ്ങളിലും ഈ ചികിത്സാസൂത്രങ്ങൾ ഉപയോഗപ്പെടുത്താവുന്നത്. കുട്ടികളിലുണ്ടാവുന്ന Cerebral palsy, Delayed milestones, Alzheimer's disease, spastic paralysis എന്നീ അവസ്ഥകളിലെല്ലാം ഈ ചികിത്സാതത്വങ്ങൾ ഉപയോഗപ്പെടുത്തുന്നത് വളരെ ഫലപ്രദമായിരിയ്ക്കും.

രസായനബൃംഹണൗഷധങ്ങളാണ് ചികിത്സയിൽ ഉപയോഗിയ്ക്കുന്നത്. 'ചന്ദനാദി ക്വാഥം' വളരെ ധാരാളമായി ഉപയോഗിയ്ക്കുന്ന ഒരൗഷധമാണ്. Cerebral palsy, Delayed milestones എന്നിവയി

ലിത്വളരെ ഫലപ്രദമാണ്. ഇതിന്റെ ഘടന നോക്കിയാൽ രസായനൗഷധങ്ങൾ ഒരു ഗ്രൂപ്പിലും ബൃംഹണൗഷധങ്ങൾ വേറൊരു ഗ്രൂപ്പിലും ഉണ്ട്. രസായനൗഷധങ്ങളായിട്ടുള്ള അശ്വഗന്ധവും വയമ്പും തിപ്പലിയുമൊക്കെ ചേർന്നതാണ് ചന്ദനാദി ക്വാഥം. ഫലശ്രുതിയിൽ *'മസ്തിഷ്കഹ്രാസശാന്തയേ'* എന്നു പറയുന്നുണ്ട്. അപസ്മാരത്തിലും വാതരോഗങ്ങളിലും പറയുന്ന സ്നേഹങ്ങൾ, നെയ്യും തൈലങ്ങളും ഉപയോഗിയ്ക്കാൻ പറയുന്നുണ്ട്. മറ്റൊന്ന് ലക്ഷ്മീവിലാസരസമാണ്. ഇത് ബൃംഹണമായും രസായനമായിട്ടുമുള്ള ദ്രവ്യങ്ങൾ ചേർക്കുന്ന ഒരു ഔഷധമാണ്. സ്മൃതി, മേധ, ബുദ്ധി എന്നിവയ്ക്ക് ഫലപ്രദമാണ്. 'ബൃഹദ്ധാത്രീഘൃതം' ഒരു കർഷം വീതം ഏഴു ദിവസം രാവിലെ പാലിൽ ചേർത്തു കഴിച്ചാൽ മസ്തിഷ്കരോഗങ്ങളും സ്നായുരോഗങ്ങളും പെട്ടെന്ന് ഇല്ലാതാവും.

അഭയാദി ഗുഗ്ഗുലു, അമൃതാദി മണ്ഡൂരം വില്വാദി ചൂർണ്ണം എന്നിവ കൂടി പറഞ്ഞിരിയ്ക്കുന്നു. ഗരുഡൻ വന്ന് എങ്ങനെ ഒരു പാമ്പിനെ എടുക്കുന്നുവോ അതുപോലെ വില്വാദി ചൂർണ്ണം മസ്തിഷ്കരോഗങ്ങളേയും സ്നായു രോഗങ്ങളേയും നശിപ്പിയ്ക്കുന്നു.

ചന്ദനാദിക്വാഥം, ധാത്രീഘൃതം, വില്വാദി ചൂർണ്ണം ഇവ മസ്തിഷ്കഹ്രാസത്തിൽ വളരെ പ്രശസ്തമാണ്.

**<u>മസ്തിഷ്കവേപനം</u>**

മറ്റു ഗ്രന്ഥങ്ങളിൽ 'ശീർഷകമ്പം' എന്ന പേരിലാണ് ഈ രോഗം അറിയപ്പെടുന്നത്. ഇതിന് പ്രത്യേകമായി പറയുന്ന നിദാനം അഭിഘാതമാണ്. വേറെ നിദാനങ്ങളൊന്നുമില്ല. തലയ്ക്കുണ്ടകുന്ന ഈ അഭിഘാതം കൊണ്ട് പെട്ടെന്ന് തല വല്ലാതെ ചൂടാവുകയും ശരീരം വല്ലാതെ തണുക്കുകയും ചെയ്യുന്നു. തലയ്ക്ക് ഭയങ്കരമായ വിറയലുണ്ടാവുന്നു. നെഞ്ചിൽ വെപ്രാളം, ഛർദ്ദി, മൂർച്ഛ എന്നീ ലക്ഷണങ്ങളും കാണാം.കൺപീലി വലുതാകുകയും നാഡീഗതി മന്ദമാകുകയും ചെയ്യുന്നു. അവസാനം പക്ഷാഘാതം ഉണ്ടാവുന്നു. സംഹിതകളിൽ പക്ഷാഘാതത്തിന്റെ സാദ്ധ്യാസാദ്ധ്യത പറയുമ്പോൾ *'വർജ്ജ്യോ ക്ഷയ ഹേതുക'* എന്നു പറയുന്നു. ക്ഷയജമായ പക്ഷാഘാതങ്ങൾ വർജ്ജിയ്ക്കണമെന്ന് പറയുന്നുണ്ട്. ഇവിടെ ക്ഷയമെന്നതിനെ ക്ഷതമായിട്ട് കാണുകയും ഈ മസ്തിഷ്കവേപനമെന്ന അവസ്ഥ കൂട്ടിച്ചേർക്കുകയുമാണ് ചെയ്യേണ്ടതെന്ന് തോന്നുന്നു. ഇതിനെ direct head injury, increased intra cranial pressure, trauma, haematoma, shock എന്നിങ്ങനെയുള്ള ഒരു പാട് അവസ്ഥകളുമായി കൂട്ടി വായിയ്ക്കാവുന്നതാണ്.

അഭിഘാതജന്യമായ അടിയന്തിരഘട്ടത്തെ യുക്തിപൂർവം ചികിത്സിച്ച ശേഷം വാതവ്യാധി ചികിത്സകൾ ചെയ്യണം. അഭിഘാത ചികിത്സയിലാദ്യം പറയുന്നത് ശിരസ്സിൽ ശീതജലം കൊണ്ട് ധാര ചെയ്യാനാണ്. അഭിഘാതം മൂലമുണ്ടാകുന്ന ആഭ്യന്തരരക്തസ്രാവത്തെ കുറയ്ക്കാൻ സ്തംഭനമായ ശീതജലധാര ഫലപ്രദമാണ്. ശരീരം മുഴുവൻ കമ്പിളിപുതപ്പിട്ട് മൂടി വെയ്ക്കാനാണ് പറയുന്നത്. പിന്നീട് വെള്ളം ചേർത്ത സഞ്ജീവനീസുര കൊടുക്കാൻ പറയുന്നു. ഹൃദയത്തിന്റെ ബലം കൂട്ടുകയും ഹൃദയത്തിൽ നിന്നും കൂടുതൽ രക്തത്തെ പുറത്തുകൊണ്ടു വരികയും അങ്ങനെ നാഡീഗതി കൂട്ടുകയും ചെയ്യുന്നതിനുവേണ്ടിയാണ് സുര കൊടുക്കുന്നത് (stroke volume കൂട്ടാൻ). പിന്നീട് വാതവ്യാധി ചികിത്സയാണ് ചെയ്യുന്നത്. ആ ചികിത്സ മുഴുവൻ നോക്കിയാൽ കാണുന്നത് ശോധനപ്രധാനമായ ചികിത്സയാണ്, തുടങ്ങുന്നതുതന്നെ വിരേചനത്തിലാണ്. ദന്തീഘൃതം കൊണ്ടോ ദന്തീബീജ തൈലം

കൊണ്ടോ വിരേചനം ചെയ്യാനാണ് പറയുന്നത്. കടുകരോഹിണി, ത്രിഫല, ത്രിവൃത് ഇവയടങ്ങിയ ശോധനപ്രധാനമായ ത്രിവൃതാദി കഷായം കൊടുക്കാൻ പറയുന്നു. അഭിഘാതങ്ങളിലെല്ലാം സാധാരണയായി കാണുന്നത് ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന cerebral oedema ആണ്. അതിനെ കുറയ്ക്കാൻ ശോധന പ്രധാനമായ ഔഷധങ്ങൾക്ക് കഴിയും. പിന്നീട് രസസിന്ദൂരം, ബലാകഷായത്തിൽ ചേർത്തു കൊടുക്കാൻ പറയുന്നുണ്ട്.

**<u>സ്നായുരോഗം</u>**

സ്നായുരോഗപ്രകരണത്തിൽ സ്നായുരോഗത്തിന്റെ ചികിത്സയെക്കുറിച്ച് പറയുന്നുണ്ട്. പക്ഷേ എന്താണ് സ്നായുരോഗം എന്നുപറയുന്നില്ല. പക്ഷേ മാധവനിദാനം, യോഗരത്നാകരം എന്നീ ഗ്രന്ഥങ്ങളെല്ലാം കൂടി നോക്കിയാൽ സ്നായുരോഗം ശൂലയാണെന്നു മനസ്സിലാവും. ഭൈഷജ്യരത്നാവലിയിൽ ചികിത്സ പറയുമ്പോൾ സ്നായുരോഗശമനം എന്നല്ല പറയുന്നുന്നത് സ്നായുരോഗശൂലഹരം എന്നാണ്. Trigeminal neuralgia, Brachial neuralgia, Sciatica എന്നിവയൊക്കെയായി താരതമ്യപ്പെടുത്താം.

ഇവിടെ സ്നായുവിനെ 'nerves' ആയിട്ടുതന്നെ കാണണം. കാരണം സ്നായുവിനെക്കുറിച്ച് പറയുമ്പോൾ *"നവസ്നായുശതാനി താസാം മസ്തിഷ്കമൂലാനി"* എന്നു കൃത്യമായിട്ടു പറയുന്നുണ്ട്. *'ഊർദ്ധ്വമൂലമധഃശാഖം'* എന്നാണല്ലോ ശരീരത്തിനെക്കുറിച്ച് പറഞ്ഞിരിയ്ക്കുന്നത്. അപ്പോൾ 'nerves' ആവാനാണു സാദ്ധ്യത. അതിൽ വരുന്ന വേദന Neuralgia ആകാനേ സാദ്ധ്യതയുള്ളൂ. Trigeminal അഥവാ Brachial neuralgia പോലുള്ള ഒരു nerve root നെ ആശ്രയിച്ചുണ്ടാകുന്ന അതിഘോരമായ വേദനയായിരിയ്ക്കണം ഇത്.

ചികിത്സ പറയുന്നത് സ്വേദനം, സേകം, ലേപനം, രസായനം എന്നിവയാണ്. ലേപനത്തിന് സ്നായുശൂലഹരചൂർണ്ണം പറയുന്നുണ്ട്. അത് ഒരു മാസം നെയ്യിൽ ചേർത്ത് കഴിയ്ക്കാനും ബാഹ്യമായി ലേപനം ചെയ്യാനുമാണ് പറയുന്നത്. ഇതിലെ പ്രധാന ഘടകം രജതമാണ്. ഈ ശൂലയിൽ എല്ലാ ദ്രവ്യങ്ങളും രജതഭസ്മം ചേർന്നവയാണ്. പിന്നെ ശതാവരീഘൃതം, സുരവല്ലഭതൈലം എന്നിവയും പറയുന്നുണ്ട്.

വാതവുമായി ബന്ധപ്പെട്ട് രണ്ട് രോഗങ്ങൾ കൂടി പറയുന്നുണ്ട്. താണ്ഡവരോഗവും, അചലവാതവും.

**<u>താണ്ഡവരോഗം</u>**

താണ്ഡവരോഗം ആക്ഷേപകവ്യാധിയാണ്. ആക്ഷേപകരോഗങ്ങളിലൊന്നും പറയാത്ത രണ്ട് നിദാനങ്ങൾ താണ്ഡവരോഗത്തിൽ പറയുന്നുണ്ട്. കൃമികൊണ്ടും രജോനിരോധം കൊണ്ടും താണ്ഡവരോഗമുണ്ടാവുന്നു. രജോനിവൃത്തിയ്ക്കായും കൃമിഹരമായുമുള്ള ചികിത്സ ചെയ്യണമെന്നും പറയുന്നു. ഇതിൽ ശ്യാമാദി കഷായമാണ് വിധിച്ചിരിക്കുന്നത്.

**<u>അചലവാതം</u>**

അചലവാതമെന്നു പറഞ്ഞാൽ ദണ്ഡകം പോലെ അല്ലെങ്കിൽ മൂർച്ഛപോലെ ചലനമൊന്നുമില്ലാത്ത അവസ്ഥയാണ്. അചലവാതത്തിന്റെ ചികിത്സ മൂർച്ഛയുടെ ചികിത്സ തന്നെയാണ്.

**ശീർഷാംബു**

ഇതിനെ Hydrocephalus ആയി താരതമ്യപ്പെടുത്താവുന്നതാണ്. C.S.F തലയോട്ടിയിൽ അമിതമായി സംഭരിക്കുന്ന അവസ്ഥയാണിത്. ഇത് കുട്ടികളിൽ കുകൂണകവുമായി ബന്ധപ്പെട്ട് പല്ലുമുളയ്ക്കുമ്പോഴാണുണ്ടാവുന്നതെന്നൊക്കെയുള്ള നിദാനവും കൂടി പറയുന്നു.

ചികിത്സ പറയുന്നത് ആദ്യം തലമുടി എടുക്കുക. തലയിൽ കമ്പിളികൊണ്ട് പുതയ്ക്കുക എന്ന സ്വേദ കർമ്മമാണ് പറയുന്നത്. എന്നിട്ട് അല്പാല്പമായി 'വെന്തവെളിച്ചെണ്ണ' കൊടുക്കുക, രണ്ടോ മൂന്നോ പ്രാവശ്യം രസസിന്ദൂരം കൊടുക്കുക എന്നൊക്കെയാണ് പറയുന്നത്. cerebral oedema ൽ ഗ്ലിസറിനാണ് അലോപ്പതി ഡോക്ടർമാർ കൊടുക്കുന്നത്. ഗ്ലിസറിൻ വാങ്ങാൻ സാധിയ്ക്കാത്തവർ വെന്തവെളിച്ചെണ്ണയാണ് കഴിയ്ക്കാൻ പറയുന്നത്. അതിന് ശോഫഹരത്വം (സലിലഹാനി) എന്ന ഗുണമുണ്ട്.

സലിലശോഷണചൂർണ്ണം, കുങ്കുമാദി ഘൃതം, രസതൈലം ഇവയൊക്കെ പറയുന്നു. രസതൈലം സ്ഥിരമായി തലയിൽ തേച്ചാൽ അംബുശോഷം ഉണ്ടാക്കും എന്നു പറയുന്നു. വഹ്ന്യഭാസ്കരചൂർണ്ണം കഴിച്ചാൽ തീ പുല്ലിനെ കരിയ്ക്കുന്നതുപോലെ അംബുശോഷം സാധിക്കും. ഇതുകൊണ്ടൊന്നും മാറിയില്ലെങ്കിൽ ശസ്ത്രക്രിയ ചെയ്യാനാണ് വിധിച്ചിരിയ്ക്കുന്നത്

**യോഷാപസ്മാരം (യോഷാപതന്ത്രകം)**

യോഷാപതന്ത്രകം എന്നാണ് ഭൈഷജ്യരത്നാവലിയിൽ ഉപയോഗിച്ചിരിയ്ക്കുന്നത്. മറ്റുള്ള ഗ്രന്ഥങ്ങളിൽ ഈ രോഗത്തിനെ യോഷാപസ്മാരമെന്ന് പറയുന്നു. ഇത് അധികവും സ്ത്രീകളിലാണുണ്ടാവുന്നത്. സ്ത്രീകളിൽ ഋതുകാലം തുടങ്ങുന്ന ദിവസം മുതൽ അവസാനിയ്ക്കുന്ന ദിവസം വരെയുള്ള reproductory period ലാണ് കണ്ടുവരുന്നത്. വ്യക്തമായ നിദാനം പറയുന്നുണ്ട്. ഭയങ്കരമായ ആത്മസംഘർഷങ്ങളുണ്ടാവുമ്പോൾ മനസ്സിൽ സഹിയ്ക്കാൻ പറ്റാത്തവിധത്തിലുള്ള ദുഃഖവും ഉൽകണ്ഠയും വിഷമവുമൊക്കെ വരുന്ന സമയത്ത് മറ്റുള്ളവരുടെ ശ്രദ്ധ ലഭിയ്ക്കാൻ വേണ്ടി പലതരത്തിൽ ഈ അസുഖം പ്രത്യക്ഷപ്പെടാം. സ്നേഹമില്ലാത്ത ഭർത്താവ്, യൗവനത്തിൽ വിധവയാവുക, യൗവനത്തിൽ ആർത്തവവിരാമമാകുക, രക്തക്ഷയം, അജീർണ്ണം, മലബന്ധം ഇങ്ങനെ ഒരുപാട് നിദാനങ്ങൾ പറയുന്നുണ്ട്.

യോഷാപസ്മാരത്തിന്റെ ലക്ഷണങ്ങൾ തീർത്തും വ്യക്തിനിഷ്ഠമാണ്. പക്ഷാഘാതം, കടീഗ്രഹം, ശിരശൂല, ബോധക്ഷയം എന്നിങ്ങനെയുള്ള ഏതു രോഗവുമാവാം. അബോധമനസ്സിലെ പ്രശ്നങ്ങൾക്കൊണ്ട് രോഗിയിലെ മനസ്സിലെ ചിത്രമനുസരിച്ച് അഭിനയിയ്ക്കുകയാണ് ചെയ്യുന്നത്. ഉദാഹരണമായി കടീഗ്രഹം, ഗൃധ്രസി എന്നീ ലക്ഷണങ്ങളോടെ അഡ്മിറ്റ് ചെയ്ത രോഗിയ്ക്ക് ഈ രോഗങ്ങളുടെ ചികിത്സകൾ കൊണ്ടൊന്നും ഫലമുണ്ടായില്ല. ഒരു ദിവസം ലാബിലേയ്ക്ക് കൊണ്ടുപോകുമ്പോൾ പെട്ടെന്ന് പക്ഷാഘാതം വന്നു. അപ്പോൾ കടീഗ്രഹം, ഗൃധ്രസി എന്നീ ലക്ഷണങ്ങൾ ഇല്ലാതായി. പക്ഷാഘാതത്തിൽ reflex positive അല്ല, സാധാരണ പക്ഷാഘാതത്തിൽ കാണുന്ന ഒരു ലക്ഷണവും ഈ രോഗിയിൽ കാണാനില്ല. പിന്നീട് ചോദിച്ചപ്പോൾ വീട്ടിലെ പ്രശ്നങ്ങളെക്കുറിച്ചുള്ള ചിന്ത വരുമ്പോഴൊക്കെ വിഷമമാണ്. അപ്പോഴാണ് ഈ രോഗം ഉണ്ടാവുന്നതെന്ന് രോഗി പറഞ്ഞു. ആശുപത്രിയിൽ കടീഗ്രഹത്തിന് ചികിത്സ തേടിയെത്തി അവിടെക്കിടന്ന് പക്ഷാഘാതത്തെക്കുറിച്ച് മനസ്സിലാക്കി പക്ഷാഘാതമായി മാറുകയാണുണ്ടായത്.

ചികിത്സ പ്രധാനമായും കാരണങ്ങളെ ഒഴിവാക്കലാണ്. ശീതജലധാര, സാന്ത്വനചികിത്സ എന്നിവ ഫല പ്രദമാണ്.

**<u>ഉരസ്തോയം </u>**(Pleural effusion)

ഹൃദ്രോഗം, കരൾരോഗങ്ങൾ, അർബ്ബുദം എന്നിവകൊണ്ടുണ്ടാകുന്ന പരതന്ത്രവ്യാധിയാണ് (secondary disease) ആണ് ഉരസ്തോയം. ഫുസ്ഫുസഭിത്തിയിൽ ഉദരം പോലെ ജലം സംഭരിയ്ക്കുകയാണ് ഇവിടെ ചെയ്യുന്നത്.

കഫഹരവും ശോഫഹരവുമായ ചികിത്സ വിധിച്ചിരിക്കുന്നു.

**<u>ക്ലോമരോഗം</u>**

സ്നിഗ്ദ്ധമായ ആഹാരം, അഭിഘാതം എന്നിവ ഈ രോഗത്തിന് കാരണമാണ്. സ്നിഗ്ദ്ധമായ ആഹാരം കൊണ്ട് ക്ലോമരോഗമുണ്ടായാൽ ക്ലോമം വലുതാവുമെന്നും അഭിഘാതം കൊണ്ടാണുണ്ടാവു ന്നതെങ്കിൽ ക്ലോമത്തിൽ വിദ്രധിയുണ്ടാവുമെന്നുമാണ് പറയുന്നത്. ഇതിന്റെ എല്ലാ ലക്ഷണങ്ങളും pancreatitis ആയി വളരെ സാമ്യം കാണുന്നു. വയറിൽ കല്ലപ്പ്, ശക്തിയായ വേദന, നെഞ്ചുകലിപ്പ്, വിശപ്പില്ലായ്മ, ഛർദ്ദി, എപ്പോഴും കമഴ്ന്നു കിടക്കുക ഇവയാണ് ലക്ഷണങ്ങൾ. ഭക്ഷണം കഴിയ്ക്കില്ല, കഴിച്ചാൽ വേദന വരുന്നു. പിന്നിട് പാണ്ഡുവും ശിരോഭ്രമവും ഉണ്ടാവുന്നു.

ചികിത്സ ശോഫഹരവും, വാതപിത്തശമനവും, വാതാനുലോമ്യവുമായിരിയ്ക്കണം.

**<u>വൃക്കരോഗം</u>**

Renal failure അഥവാ Nephrotic syndrome ആയി ബന്ധപ്പെടുത്താവുന്ന രോഗമാണ് വൃക്കരോഗം.

പാരദം വൃക്കരോഗങ്ങളെ വർദ്ധിപ്പിയ്ക്കും, അതുകൊണ്ടവ വൃക്കരോഗങ്ങളിൽ പ്രത്യേകിച്ചും ശീലി യ്ക്കരുത്. രസത്തെക്കുറിച്ച് ധാരാളം വിവരണം തരുന്ന ആചാര്യൻ തന്നെ വൃക്കരോഗങ്ങളിൽ ഇത് ശീലിയ്ക്കരുതെന്ന് പറയുന്നു.

**<u>ബഹുമൂത്രത</u>**

നാല് പ്രസ്ഥം മൂത്രം ഒരു ദിവസമുണ്ടാവുകയാണെങ്കിൽ അത് ബഹുമൂത്രതയാണ്. ശേഖരിച്ചുവയ്ക്കു കയാണെങ്കിൽ അടിയിൽ ഊറലുണ്ടാകും. ഇതിനെ ‘സോമരോഗം’ എന്നുകൂടി പറയും. ഇതിനേറ്റവും നല്ല ഔഷധം കദളിപ്പഴമാണ്. ഒരു ഗ്ലാസ്സ് പാലിൽ ഒരു കദളിപ്പഴവും കുറച്ച് തേൻ, പഞ്ചസാര, നെല്ലിയ്ക്ക ഇവ നന്നായി അരച്ച് ചേർത്ത് 7 ദിവസം കൊടുക്കാം. കദളീഫലം, പാൽമുതുക്ക് ഇവ ചേർത്ത് കൊടുക്കാം. ഷാർജ്ജഷേക്കിന്റെ നിർമ്മാണക്രമവും ഇതുതന്നെയാണല്ലോ.

**<u>ഔപസർഗ്ഗിക മേഹം</u>**

Infective conditions ൽ വരുന്ന ലൈംഗികവേഴ്ചകൊണ്ട് സ്ത്രീകൾക്കുണ്ടാവുന്ന രോഗമാണ് ഔപ സർഗ്ഗിക മേഹം. STD യായി താരതമ്യം ചെയ്യാവുന്ന ഒന്നാണിത്.

പ്രധാനപ്പെട്ട കുറച്ച് രോഗങ്ങളേകുറിച്ച് മാത്രമാണ് ഞാനിവിടെ പരാമർശിയ്ക്കപ്പെട്ടത്. അംശുഘാതം (Sunstroke), അപമൂർഷു, അണ്ഡാധാരരോഗം, ഗദോദ്വേഗം, സ്മരോന്മാദം, സ്നായുഗം തുടങ്ങി ഒട്ട

നവധി രോഗങ്ങളെ ഈ ഗ്രന്ഥം പരിചയപ്പെടുത്തുന്നുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ വിസ്തരിക്കുന്നില്ല.

ലോക എയ്ഡ്സ്ദിനമായ ഇന്ന് ഭൈഷജ്യരത്നാവലിയെക്കുറിച്ച് ചർച്ച ചെയ്തത് വളരെ ശ്രദ്ധേയമാണ്. എയ്ഡ്സിനു ഫലപ്രദമായ ഒരു ഔഷധം ഒട്ടനവധി ഗ്രന്ഥങ്ങളിൽ അന്വേഷിച്ചിട്ടും കിട്ടാതിരുന്ന സമയത്താണ് ഭൈഷജ്യരത്നാവലിയിലെ ജ്വരചികിത്സയിൽ പറയുന്ന സ്വർണ്ണവസന്തമാലതീ രസം ശ്രദ്ധയിൽപ്പെട്ടത്. എയ്ഡ്സുരോഗിയുടെ ലക്ഷണങ്ങൾ ജീർണ്ണജ്വരമോ രാജയക്ഷ്മാവോ ആണെങ്കിൽ മാത്രമേ ഈ ഔഷധം പ്രയോജനപ്പെടുകയുള്ളൂ. കാസം, ശ്വാസം ഇവ കുറയും, ശരീരഭാരം കൂടും, അഗ്നിദീപ്തിയുമുണ്ടാക്കും. ജ്വരം പൂർണ്ണമായും മാറുമെങ്കിലും അതിസാരം കുറയില്ല. HIV നെഗറ്റീവ് ആവുകയുമില്ല.